**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **08-10-2021 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്ക് ലൈസൻസും കൃത്യമായ പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വളർത്തുമൃഗങ്ങൾക്ക് ലൈസൻസും കൃത്യമായ പരിപാലനവും അവയോടു കാണിയ്ക്കുന്ന ക്രൂരതകളിന്മേൽ നടപടിയും വേണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012, കേരള മുൻസിപ്പാലിറ്റി ആക്റ്റ് 1994 സെക്ഷൻ 437 (വളർത്തുനായകൾക്ക് ലൈസൻസ് എടുക്കൽ), കേരള പഞ്ചായത്തിരാജ് (Licensing of Pigs and Dogs) റൂൾ 1998 എന്നിവ നിലവിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മൃഗങ്ങളോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സംസ്ഥാനത്ത് നിയമനടപടികൾ പോലീസും കോടതിയും നടപ്പിലാക്കി വരുന്നു. കേന്ദ്രനിയമമായ 1960 ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (PCA Act 1960) പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവയോടുള്ള ക്രൂരത അവസാനിപ്പിക്കാനും അലങ്കാര പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികൾ, വളർത്തു മത്സ്യങ്ങൾ എന്നിവ വിപണനം നടത്തുന്നവർക്കും വളർത്തുന്നവർക്കും ലൈസൻസ് നിർബന്ധമാക്കാനും ഇവയിലെ എല്ലാ വിഭാഗങ്ങൾക്കും ഏകീകൃത പട്ടിക നടപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന ഉത്തരവ് ബഹു: ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 13204/2021 നമ്പർ കേസിൽ ഉണ്ടായി. ആയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തു പെറ്റ് ഷോപ്പ് റൂൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി സംസ്ഥാന സർക്കാർ, സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പുനഃസംഘടിപ്പിച്ചു തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും, അതിനനുസരിച്ചുള്ള ചട്ടങ്ങളും അനുസരിച്ച് വളർത്തു മത്സ്യങ്ങൾ വളർത്തുന്നവർ ലൈസൻസ് നേടേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ലൈസൻസ് നടപ്പാക്കുന്നതോടൊപ്പം നിയമലംഘകർക്കെതിരെ കർശന നടപടികൾക്കു വേണ്ടി ഏകീകൃത നിയമ നിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു നടപടികൾ സ്വീകരിയ്ക്കുമെന്നു വ്യക്തമാക്കുമോ? | (സി) | വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012, കേരള മുൻസിപ്പാലിറ്റി ആക്റ്റ് 1994 സെക്ഷൻ 437 (വളർത്തുനായകൾക്ക് ലൈസൻസ് എടുക്കൽ), കേരള പഞ്ചായത്തിരാജ് (Licensing of Pigs and Dogs) റൂൾ 1998 എന്നിവ നിലവിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മൃഗങ്ങളോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സംസ്ഥാനത്ത് നിയമനടപടികൾ പോലീസും കോടതിയും നടപ്പിലാക്കി വരുന്നു. കേന്ദ്രനിയമമായ 1960 ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (PCA Act 1960) പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും, അതിനനുസരിച്ചുള്ള ചട്ടങ്ങളും അനുസരിച്ച് മത്സ്യ വളർത്തലുമായി ബന്ധപ്പെട്ട ലൈസൻസ് ലംഘനത്തിന് നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ